# പതിനാലാം കേരള നിയമസഭ

## ഏഴാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 6** 07/08/2017-ൽ മറുപടിക്ക്

## രോഗപ്രതിരോധ പ്രവർത്തനങ്ങൾക്ക് ദീർഘകാല കർമ്മപദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.ജോൺ ഫെർണാണ്ടസ്<br>,, സി.കെ. ഹരീന്ദ്രൻ<br>ശ്രീമതി.വീണാ ജോർജ്ജ്<br>ശ്രീ.കാരാട്ട് റസാഖ് | ശ്രീമതി.കെ.കെ.ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പമന്ത്രി) |
| എ) പകർച്ചപ്പനി വ്യാപിക്കുന്ന കാലത്തുപോലും, സർക്കാർ ആശുപത്രികളിൽ ചിലതെങ്കിലും വേണ്ടത്ര ശുചിത്വം പുലർത്തുന്നവയോ പര്യാപ്തമായ സൗകര്യങ്ങൾ ഉള്ളവയോ അല്ലെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിരുന്നോ; ഈ പ്രശ്നം പരിഹരിക്കാനായി നടത്തിയ പ്രവർത്തനങ്ങൾ എന്തെല്ലാമാണ്; | എ) ശ്രദ്ധയിൽപ്പെട്ടിരുന്നു. സർക്കാർ ആശുപത്രികളിൽ ശരിയായ രീതിയിൽ മാലിന്യനിർമ്മാർജ്ജനവും മഴക്കാലപൂർവ്വ ശുചീകരണവും ഈച്ച, കൊതുക്, എലി തുടങ്ങിയവയുടെ ഉറവിടനശീകരണവും നടത്തുന്നതിന് ആവശ്യമായ നിർദ്ദേശങ്ങളും നൽകിയിട്ടുണ്ട്. കൂടാതെ ശുദ്ധജല ലഭ്യത, ഉപകരണങ്ങൾ അണുവിമുക്തമാക്കൽ തുടങ്ങിയവയും ഉറപ്പാക്കുവാൻ നടപടികൾ സ്വീകരിച്ചിരുന്നു. സംസ്ഥാനതലത്തിലും ജില്ലാതലത്തിലുമുള്ള ആരോഗ്യവകുപ്പ് ഉദ്യോഗസ്ഥർ വിവിധ ആശുപത്രികൾ സന്ദർശിച്ച് ശുചിത്വം പരിശോധിക്കുകയും ഇക്കാര്യത്തിൽ പോരായ്മ ഉണ്ടായിരുന്ന ആശുപത്രികൾക്ക് പൊതുജനാരോഗ്യനിയമപ്രകാരം നോട്ടീസ് കൊടുക്കുന്നതുൾപ്പെടെയുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| ബി) രോഗപ്രതിരോധ പ്രവർത്തനങ്ങൾ വർഷകാലപൂർവ്വ സമയത്ത് മാത്രമായി പരിമിതപ്പെടുത്താതെ, ദീർഘകാല കർമ്മപദ്ധതിയുടെ അടിസ്ഥാനത്തിൽ സ്ഥായിയായ രീതിയിൽ നടത്താൻ വേണ്ട നിർദ്ദേശം നൽകിയിട്ടുണ്ടോ; | ബി) പകർച്ചവ്യാധി പ്രതിരോധ നിയന്ത്രണ കർമ്മപരിപാടി എന്ന പേരിൽ ഒരു വർഷം നീണ്ടുനിൽക്കുന്ന പ്രവർത്തന രേഖയാണ് ആരോഗ്യവകുപ്പ് മുൻവർഷങ്ങളിലെന്നപോലെ ഈ വർഷവും തയ്യാറാക്കിയിട്ടുള്ളത്. അതിൽ രോഗപ്രതിരോധ പ്രവർത്തനങ്ങൾ, രോഗനിരീക്ഷണം, രോഗചികിത്സ, ഔട്ട് ബ്രേക്ക് ഇൻവെസ്റ്റിഗേഷൻ, രോഗനിയന്ത്രണം തുടങ്ങി ഓരോ പ്രവർത്തനങ്ങളും സമയബന്ധിതമായി ഉൾപ്പെടുത്തിയിട്ടുണ്ട്. ഇതിൽ വർഷകാല പൂർവ്വ സമയത്ത് തീവ്ര പരിപാടികൾ നടത്താറുണ്ട്. ഈ വർഷം മുതൽ തീവ്ര പകർച്ചവ്യാധി പ്രതിരോധ നിയന്ത്രണ കർമ്മപരിപാടി സ്ഥായിയായ രീതിയിൽത്തന്നെ തുടർന്ന് പോകുന്നതിനുള്ള നിർദ്ദേശം നൽകിയിട്ടുണ്ട്. |

→

**സി)** പകർച്ചവ്യാധി പ്രതിരോധ-പ്രവർത്തനത്തിലും പരിസര ശുചിത്വ ബോധവൽക്കരണത്തിലും 5400 ൽ അധികം വരുന്ന ആരോഗ്യ ഉപകേന്ദ്രങ്ങളുടെ പ്രവർത്തനം ഫലപ്രദമാക്കാൻ വേണ്ട നടപടി സ്വീകരിക്കുമോ?

**സി)** സ്വീകരിക്കും. ആരോഗ്യ ഉപകേന്ദ്രങ്ങൾ അമ്മയുടെയും കുഞ്ഞിന്റെയും ക്ഷേമം ലക്ഷ്യം വച്ചുള്ളതാണ്. കൂടാതെ വാർഡ് തല ആരോഗ്യ ശുചിത്വ സമിതികൾ വഴി പകർച്ചവ്യാധി പ്രതിരോധ പ്രവർത്തനവും ശുചിത്വ ബോധവൽക്കരണവും നടത്തി വരുന്നു.

**സെക്ഷൻ ഓഫീസർ**